**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5247** **04-07-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ സെർവർ തകരാറുമൂലം ഓൺലൈൻ നടപടികൾ മുടങ്ങുന്നത് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | സെർവർ തകരാറുമൂലം രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ നടപടികൾ മുടങ്ങുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾക്ക് കഴിഞ്ഞ 6 മാസത്തിനുള്ളിൽ തടസ്സങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാലയളവിന് മുമ്പായി ഇടയ്ക്കിടെ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെർവറുകളുടെ എണ്ണം കൂട്ടുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ഈ പ്രശ്നം പരിഹരിച്ചിരുന്നു. ഇതോടൊപ്പം രജിസ്ട്രേഷൻ സംവിധാനമായ PEARL Application പുതിയ പതിപ്പിലേക്ക് മാറ്റുകയും ചെയ്തിരുന്നു. ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഡാറ്റാബേസ് സംവിധാനം കൂടി ഏറ്റവും പുതിയ പതിപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വെബ്സൈറ്റിന്റെ വേഗത കുറയാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദമാക്കുമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിനായി താഴെ പറയുന്ന നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.<br><br>1. രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 05.08.2022 തീയതിയിൽ നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പേൾ സോഫ്റ്റ് വെയർ പുതിയ സാങ്കേതിക സംവിധാനത്തിലേക്ക് മൈഗ്രേറ്റ് ചെയ്യുവാൻ NIC-യ്ക്ക് നിർദ്ദേശം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പേൾ സോഫ്റ്റ്‌വെയർ |

പുതിയ സാങ്കേതിക സംവിധാനത്തിലേക്ക് മൈഗ്രേറ്റ് ചെയ്യുകയും ചെയ്തിരുന്നു.

2. സെർവറുകളുടെ ഓപ്പറേറ്റിംഗ് സിസ്റ്റം Redhat Enterprise Linux version 9 -ലേക്ക് ഉയർത്തിയിരുന്നു.
3. മൈഗ്രേറ്റ് ചെയ്ത പേൾ ആപ്ലിക്കേഷൻ സുരക്ഷ ഓഡിറ്റിന് വിധേയമാക്കിയതിനുശേഷം https://pearl.registration.kerala.gov.in എന്ന പുതിയ അഡ്രസ്സിൽ ഹോസ്റ്റ് ചെയ്യുകയുണ്ടായി
4. രജിസ്ട്രേഷൻ വകുപ്പിന്റെ പുതിയ വെബ്സൈറ്റ് രൂപകല്പന ചെയ്യുന്നതിലേക്കായി സർക്കാർ സ്ഥാപനമായ സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും, https://registration.kerala.gov.in എന്ന സൈറ്റ് അഡ്രസ്സിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.
5. സബ് രജിസ്ട്രാർ ഓഫീസുകളിലെ ഇൻട്രാനെറ്റ് https://officepearl.kerala.gov.in എന്ന പുതിയ അഡ്രസ്സിൽ ഹോസ്റ്റ് ചെയ്യുകയുണ്ടായി.
6. ഡാറ്റാ ബാക്കപ്പ് ഡാറ്റാ സെന്ററിലെ Tape drive -ലേക്ക് മാറ്റിയിരുന്നു.
7. നിലവിൽ ഡാറ്റാ സെന്ററിൽ വകുപ്പ് co-locate ചെയ്തിരുന്ന സെർവറുകൾക്ക് പുറമെ കൂടുതൽ ലോഡ് കൈകാര്യം ചെയ്യുന്നതിലേക്കായി ക്ലൗഡ് സെർവറുകളും വിന്യസിക്കുകയുണ്ടായി.
8. സബ് രജിസ്ട്രാർ ഓഫീസുകളിൽ KSWAN ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിരുന്ന BSNL-ന്റെ സർക്യൂട്ടുകൾ ഒപ്റ്റിക്കൽ ഫൈബർ സാങ്കേതിക വിദ്യയിലേക്ക് മാറ്റുകയും 4Mbps Bandwidth -ലേക്ക് ഉയർത്തുകയും ചെയ്തിരുന്നു.
9. നെറ്റ്‌വർക്ക് തകരാറുകൾ മൂലം സേവനം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അധികമായി ഒരു സർക്യൂട്ട് കൂടി സ്ഥാപിക്കുന്നതിനായി K-FON നെറ്റ്‌വർക്ക് കൂടി സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ നടപടികൾ പുരോഗമിക്കുന്നു.
10. PEARL സംവിധാനത്തിന്റെ Architecture സംബന്ധിച്ച് പഠനം നടത്തുന്നതിലേക്കായി C-DAC -ന്റെ സേവനം കൂടി വിനിയോഗിക്കുവാൻ തീരുമാനിച്ചു.

സെക്ഷൻ ഓഫീസർ